**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ നിന്നും ഇൻവാലിഡ് പെൻഷൻ പറ്റിയ സീനിയർ ക്ലാർക്ക് ശ്രീ ഷറഫ് എം. ന്റെ മകനായ മിൽഹാൻ എസ്. - ന് സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് ആശ്രിത നിയമനം വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ആശ്രിത നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ (എം.എസ്) നം.**100/2020/തസ്വഭവ.** തീയതി, തിരുവനന്തപുരം:**25/06/2020**

---

പരാമർശം : - 1) സ.ഉ (പി) നം. 12/99/പി & എ ആർ.ഡി തീയതി, 24.5.1999.

2) പഞ്ചായത്ത് ഡയറക്ടറുടെ 23.07.2017 ലെ ഇ 14-25504/2017 നമ്പർ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്ത 14/07/2017-ലെ നിവേദനം.

3) ശ്രീ. ഷറഫ് എം. ന്റെ 26/10/2018, ജനുവരി 2020 എന്നീ തീയതികളിലെ നിവേദനം.

4) സർക്കാരിന്റെ 17.10.2018,24.07.2019-ലെ 287/ഇപിഎ 3/17/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി ജോലി നോക്കിവരവേ വാഹനാപകടത്തെതുടർന്ന് നട്ടെല്ലിന് പരിക്ക് പറ്റി ശരീരം മുഴുവനും തളർന്ന് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇൻവാലിഡ് പെൻഷൻപറ്റി സേവനത്തിൽ നിന്നും പിരിഞ്ഞ ശ്രീ ഷറഫ് എം. -ന്റെ മകനായ മിൽഹാൻ എസ്. - ന്, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് ആശ്രിത നിയമനം വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി നിയമനം നൽകണമെന്ന് അപേക്ഷിച്ച് പരാമർശം (2), (3)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) ശ്രീ. ഷറഫ് എം. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി ജോലി നോക്കിവരവേ 04/07/2015-ൽ ഉണ്ടായ വാഹനാപകടത്തെതുടർന്ന് നട്ടെല്ലിന് പരിക്ക് പറ്റി ശയ്യാവലംബമായി കഴിയുന്നു

16.06.2001 - ൽ സർവ്വീസിൽ പ്രവേശിച്ച അപേക്ഷകന് 31.05.2022 വരെ സർവ്വീസ് കാലയളവുണ്ടായിരുന്നു. മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 100% സ്ഥിരം വൈകല്യം നേരിടുന്ന അപേക്ഷകൻ 7 വർഷം സേവനകാലയളവ് അവശേഷിക്കവേ ഇൻവാലിഡ് പെൻഷൻ പറ്റി സർവ്വീസിൽ നിന്നും വിരമിക്കുകയുണ്ടായി. അപകടത്തെതുടർന്ന് സർവ്വീസിൽ നിന്നും വിരമിക്കുന്ന അവസരത്തിൽ സർവ്വീസ് കാലയളവ് കുറവായതിനാൽ മിനിമം പെൻഷനായി 8,500/- രൂപ അനുവദിച്ചിരുന്നു. മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ് ആനുകൂല്യത്തിന് അർഹനല്ലാത്ത ശ്രീ . ഷറഫ് . എം -ന്റെ ചികിത്സയ്ക്കും കുട്ടികളുടെ പഠനത്തിനും നിത്യ ചെലവുകൾക്കും മറ്റു മാർഗ്ഗമൊന്നുമില്ലായെന്നും സ്വന്തമായി സ്ഥലമോ, വീടോയില്ലാതെ വാടക വീട്ടിൽ താമസിക്കുന്ന ടിയാന്റെ ദയനീയസ്ഥിതി പരിഗണിച്ച് കേരള സർവീസ് ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന വ്യവസ്ഥകളിൽ ഇളവനുവദിച്ച് ടിയാന്റെ ആശ്രിതനായ മകൻ മിൽഹാൻ എസ്. - ന് ആശ്രിത നിയമനം നൽകണമെന്നപേക്ഷിച്ച് ടിയാൻ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം( 2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

3) ശ്രീ. ഷറഫ് എം., ആശ്രിത നിയമന വ്യവസ്ഥ പ്രകാരം മകന് നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് സമർപ്പിച്ച അപേക്ഷ പരാമർശം (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം പരിഗണനാർഹമല്ലാത്തതിനാൽ പരാമർശം (4) പ്രകാരം സർക്കാർ നിരസിച്ചിരുന്നു.

4) എന്നാൽ തന്റെ ജീവിത സാഹചര്യം കണക്കിലെടുത്ത് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് മുൻകാലങ്ങളിൽ അനുവദിച്ചതുപോലെ ചട്ടങ്ങളിൽ ഇളവ് നൽകി നിയമനം നൽകണമെന്ന് അപേക്ഷിച്ച് പരാമർശം (3) പ്രകാരം ടിയാൻ പുന:പരിശോധനാ ഹർജി സമർപ്പിക്കുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായി ജോലി നോക്കിവരവേ വാഹനാപകടത്തെതുടർന്ന് നട്ടെല്ലിന് പരിക്ക് പറ്റി ശരീരം മുഴുവനും തളർന്ന് മെഡിക്കൽ

ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഇൻവാലിഡ് പെൻഷൻപറ്റി സേവനത്തിൽ നിന്നും പിരിഞ്ഞ ശ്രീ. ഷറഫ് എം. ന്റെ മകനായ മിൽഹാൻ എസ്. - ന്, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് ആശ്രിത നിയമനം വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള ചട്ടങ്ങളിൽ ഇളവു നൽകി നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) പരാമർശം (1) ഉത്തരവു പ്രകാരമുള്ള നടപടിക്രമങ്ങൾ പഞ്ചായത്തു ഡയറക്ടർ പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദാ മുരളീധരൻ**
**ഗവ. പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ.ഷറഫ് എം., മല്ലയിൽ വീട്, വടക്കുംതല കിഴക്ക്, വടക്കുംതല പി.ഒ, കരുനാഗപ്പള്ളി. (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.4072 തീയതി 24.06.2020 പ്രകാരം)
ധനകാര്യ വകുപ്പ്(U.O. (f) No.DEV-1/305/2017-FIN dated 10.07.2018)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ് (U.O.(f)No.Rules-3/22/2018/ഉ.ഭ.പ.വ.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഫയൽ നം. 287/ഇപിഎ 3/2017/തസ്വഭവ.).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ